"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 393/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2319/2024/LSGD തീയതി, തിരുവനന്തപുരം, 29-11-2024**

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 1021/2018/റവ, തീയതി, 20/03/2018.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/03/2024 തീയതിയിലെ എ3/1432/2009/ട്രിഡ നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1928/2024/ത.സ്വ.ഭ.വ, തീയതി, 15/10/2024.
4. സ.ഉ.(സാധാ) നം. 8344/2024/ധന, തീയതി, 11/11/2024

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ലതിക ഫയൽ ചെയ്തിരുന്ന എൽ.എ.ആർ. 393/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 4,97,891/- രൂപയും (നാല് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,810/- രൂപയും (എണ്ണായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) ഉൾപ്പടെ ആകെ 5,06,701/- രൂപ (അഞ്ച് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 393/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,06,701/- രൂപ (അഞ്ച് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷിക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 5,07,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1775-ൽ

ഉൾപ്പെട്ടതും ശ്രീമതി ലതികയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.13 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 393/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുകയായ 4,97,891/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) 2075-00-800-05 എന്ന ശീർഷകത്തിലേക്ക് റിഫണ്ട് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,810/- രൂപ (എണ്ണായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) കക്ഷിയായ ശ്രീമതി ലതികയ്ക്ക് (D/o രത്നമ്മ, 'വൈകുണ്ഠം', ആനയറ, തിരുവനന്തപുരം) അനുവദിക്കുന്നതിനുമായി ആകെ 5,06,701/- രൂപ (അഞ്ച് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റിയൊന്ന് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി ലതിക, D/o രത്നമ്മ, 'വൈകുണ്ഠം', ആനയറ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/221/2024/FIN. dated 17.11.2024).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/227/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 29-11-2024 15:09:03
സെക്ഷൻ ഓഫീസർ